പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>ഇന്ദിര ആവാസ് യോജന</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :150 — 14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിര ആവാസ് യോജനയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ ; | (എ) | ഉണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായ ങ്ങളിൽ ഉൾപ്പെട്ട ഭവന രഹിതരായ കുടുംബങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. ഈ പദ്ധതി യുടെ നടത്തിപ്പിനെ സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് ബ്ളോക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ പ്രതിമാസ അവലോകനം നടത്താറുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ത്രൈമാസ അവലോകനം നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം 2012 –2013ൽ സർക്കാർ മുന്നോട്ടുവച്ച ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; അവ നേടാൻ സാധിച്ചുവോ ; വിശദവിവരങ്ങൾ നൽകാമോ ; | (ബി) | ഐ.എ.വൈ പദ്ധതി പ്രകാരം 2012-13 ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകിയ ഭൗതിക ലക്ഷ്യം 59620 വീടുകളായിരുന്നു. ഇതിൽ 43607 വീടുകൾ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ ഘട്ടത്തിലിരിക്കുന്ന വീടുകൾ പൂർത്തിയായി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട സാമ്പത്തിക പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) | ഉണ്ട്. ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധന സഹായം പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷമായിരുന്നത് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗ ത്തിന് |

| | | | |
|---|---|---|---|
| | | | 1.25 ലക്ഷമായിരുന്നത് 2.50 ലക്ഷം രൂപയായും പൊതു വിഭാഗത്തിന് 75000/- രൂപയായി രുന്നത് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 15.09.11 മുതൽ പ്രാബല്യം നൽകി ഉത്തരവായി. ഇതുമൂലമുണ്ടായതായ അധിക സാമ്പത്തിക ബാധ്യത ഇപ്പോൾ നിലവിലുള്ള അനുപാ തമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതാണെന്ന് വർദ്ധനവ് വരുത്തിയ ഉത്തര വുകളിൽ നിഷ്ക്കർഷിച്ചിരുന്നു. ഈ വർദ്ധനവിന് ആനുപാതികമായി ഗ്രാമ/ബ്ളോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ ബാദ്ധ്യത അധികരിച്ചതായും ഈ ബാധ്യത യ്ക്കുള്ള തുക കണ്ടെത്തുന്നതിന് പഞ്ചായത്തുകൾക്ക് കഴിയാത്ത തിനാലും 2012-2013 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ വിഹിതമായ 48,500/- രൂപയ്ക്ക് പുറമേ, അധിക ബാദ്ധ്യതയായി വരുന്ന തുകയിൽ ഒരു വീടിന് 75,000/- രൂപവീതം സർക്കാർ വിഹിതമായി നൽകുന്നതിന് 18.09.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2627/2012/ തസ്വഭവ നമ്പർ പ്രകാരം ഉത്തരവാ യിരുന്നു. ഈ തുക കണ്ടെത്തുന്നതി നായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനും 2012-13 പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുക വിനിയോഗിക്കുന്നതിനും അനു മതി നൽകികൊണ്ട് 14.3.2013 ലെ സ.ഉ (എം.എസ്) നം.90/13/തസ്വഭവ പ്രകാരം ഉത്തരവായി. ഈ ഉത്തരവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ് മുതലായവ 31.3.2013 ന് മുമ്പ് ബന്ധപ്പെട്ട ഡിമാന്റ് ഫോർ ഗ്രാന്റിൽ നിന്നും സറണ്ടർ ചെയ്യുന്ന തുക എത്ര യാണോ അത് സർക്കാർ ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് റിലീസ് ചെയ്യു ന്നതിനും അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സറണ്ടർ ചെയ്ത വകയിൽ ലഭ്യമായ 7995.33 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2011-12 വർഷത്തിൽ എഗ്രിമെന്റ് വെച്ച 42197 ഗുണഭോക്താക്കൾക്ക് ഒരു വീടിന് 75,000/- രൂപ വച്ചു നൽകുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് 279.245 കോടി രൂപ ലോൺ എടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ.ഉ.(കൈ) നം.193/2013/ ത.സ്വ.ഭ.വ. തീയതി 24.05.2013 പ്രകാരം അനുവാദം നൽകി. ലോൺ തുക ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്ന് 10 വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ലോൺ തുകയുടെ 11.25% പലിശ സർക്കാർ നൽകുന്നതാണ്. |
| (ഡി) | ഇതിനായി 2012–2013ൽ സർക്കാർ വിഹിതമായി എന്തു തുക ചെലവഴിക്കപ്പെട്ടു ? | (ഡി) | 2012-13 ൽ കേന്ദ്രസംസ്ഥാന സർക്കാർ വിഹിതമായി അനുവദിച്ച് നൽകിയ തുക യുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2012-13 ൽ ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | <u>ലക്ഷത്തിൽ</u> |
|---|---|---|
| 1) | 2011-12 വർഷത്തെ അധികവിഹിതമായി 2012-13 ൽ ൽ ലഭിച്ച കേന്ദ്ര ഫണ്ട് | 804.570 |
| 2) | 2012-13 ലെ വിഹിതമായി ലഭിച്ച കേന്ദ്ര വിഹിതം | 14539.762 |
| 3) | ആകെ ലഭിച്ച കേന്ദ്ര വിഹിതം | **15344.332** |
| 4) | ഇതിനു പുറമെ ഹോംസ്റ്റെഡ് സൈറ്റ് സ്കീമിനായി അനുവദിക്കപ്പെട്ടതും ചിലവകാതെ നിലനിന്നതുമായ തുകയിൽ നിന്നും 2589.950 രൂപ കേന്ദ്ര വിഹിതമായി 10 ജില്ലയ്ക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. | |
| 5) | ആകെ റിലീസ് ചെയ്ത കേന്ദ്രവിഹിതമായ 15344.332 ലക്ഷം രൂപയുടെ ആനുപാതിക സംസ്ഥാനവിഹിതമായി റിലീസ് ചെയ്ത തുക | 5302.140 |
| 6) | 14.3.2013 ലെ സ.ഉ(എം.എസ്) നം.90/13/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ് മുതലായവ 31.3.2013 ന് മുൻപ് ബന്ധപ്പെട്ട ഡിമാന്റ് ഫോർ ഗ്രാന്റിൽ നിന്നും സറണ്ടർ ചെയ്ത് അധിക ബാധ്യത പരിഹരിക്കുന്നതിനായി നൽകിയ തുക. | 7995.83 |
| 7) | ആകെ നൽകിയ സംസ്ഥാന വിഹിതം | **13297.97** |